**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 439** **11-08-2021 - ൽ മറുപടിയ്ക്ക്**

**ജയിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കുറ്റവും ശിക്ഷയും സംബന്ധിച്ച ആധുനികകാല കാഴ്ചപ്പാടിനനുസരിച്ച് സംസ്ഥാനത്തെ ജയിലുകളുടെ ഭരണനിർവ്വഹണം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആധുനിക കാഴ്ചപ്പാടുകൾക്കനുസരിച്ച് ജയിലുകളുടെ നവീകരണവും, ആധുനികവൽക്കരണവും നിരന്തരമായി നടത്തേണ്ട പ്രക്രിയയാണ്. 2010-ലെ ജയിൽ നിയമവും 2014-ലെ ജയിൽ ചട്ടങ്ങളും 1991-93 കാലയളവിൽ ഉദയഭാനു കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്, ദേശീയ ജയിൽ പരിഷ്കരണ കമ്മീഷനായ ജസ്റ്റിസ് മുള്ള കമ്മിറ്റി റിപ്പോർട്ട്, ജയിൽ ഡി.ജി.പി. ആയിരുന്ന ഡോ. അലക്സാണ്ടർ ജേക്കബ് ചെയർമാനായി ജയിൽ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്, ജയിൽ അന്തേവാസികളെ കോടതികളിൽ ഹാജരാക്കുമ്പോഴും അവരുടെ യാത്രാസമയത്തും പാലിക്കേണ്ട സുരക്ഷ സംബന്ധിച്ചും മറ്റുമുള്ള ജസ്റ്റിസ് രാമചന്ദ്രൻ നായർ അധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശകൾ ഇവ അടിസ്ഥാനപ്പെടുത്തിയുള്ള പരിഷ്കരണങ്ങളാണ് പ്രധാനമായും ജയിൽ ഭരണ നിർവ്വഹണത്തിൽ സ്വീകരിച്ചിട്ടുള്ളത്. വൈദേശിക അധിനിവേശത്തിന്റെ ഇരകളായി അടിമകളെപ്പോലെ തദ്ദേശീയരെ പാർപ്പിച്ച സ്ഥാപനങ്ങളായിരുന്നു ജയിലുകൾ. ആ നിലയിൽ നിന്നും വ്യത്യസ്തമായി ജയിലുകളിൽ കുറ്റവാളികളുടെ തെറ്റുകൾ തിരുത്തി അവരെ ഉത്തമപൗരൻമാരാക്കാൻ ഉതകുന്ന രീതിയിലുള്ള സമീപനമാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. തടവുകാർക്ക് അവരുടെ കുടുംബങ്ങൾക്ക് താങ്ങാകുവാൻ തക്കവണ്ണമുള്ള ജയിൽ വേതനം ആണ് നിലവിൽ നൽകി വരുന്നത്. ശിക്ഷാ കാലയളവിന് ശേഷവും പരാശ്രയമില്ലാതെ ജീവിക്കുന്നതിനായി സംസ്ഥാനത്തെ ജയിലുകളിൽ ഒട്ടനവധി തൊഴിലധിഷ്ഠിത കോഴ്സുകൾ സംഘടിപ്പിച്ച് പരിശീലനം നൽകി വരുന്നു. ജയിൽ |

| | | | |
|---|---|---|---|
| | | | അന്തേവാസികളുടെ മാനസിക ഉല്ലാസം ലക്ഷ്യമാക്കി ജയിലുകളിൽ യോഗപരിശീലനം, കായിക, കലാപരിപാടികൾ, വിവിധ സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ, ജയിൽക്ഷേമദിനാഘോഷം എന്നിവ നടപ്പാക്കി വരുന്നുണ്ട് അന്തേവാസികൾക്ക് പ്രാഥമിക വിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുന്നതിൻറെ ഭാഗമായി സംസ്ഥാന സാക്ഷരതാ മിഷൻ, സ്റ്റേറ്റ് റിസോഴ്സ് സെൻ്റർ, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, ഓപ്പൺ യൂണിവേഴ്സിറ്റി, ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ പദ്ധതി, കേരള യൂണിവേഴ്സിറ്റി ഡിസ്റ്റൻ്റ് എഡ്യുക്കേഷൻ പ്രോഗ്രാം, പോളിടെക്നിക് എന്നിവയുമായി ബന്ധപ്പെട്ട ബോധനപദ്ധതികളും നടപ്പിലാക്കി വരുന്നു. ജയിൽമോചിതരാകുന്ന അന്തേവാസികൾക്ക് ജീവസന്ധാരണ പ്രവൃത്തികൾക്കായി വിവിധ ധനസഹായ പദ്ധതികൾ, സാമൂഹ്യ നീതിവകുപ്പ് വഴി നൽകി വരുന്നുണ്ട്. പ്രൊഫഷണൽ കോഴ്സിന് ചേർന്ന് പഠിക്കുന്ന അന്തേവാസികളുടെ മക്കൾക്ക് ഒരു ലക്ഷം രൂപവരെ സ്കോളർഷിപ്പും 1 മുതൽ 5-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് 3000 രൂപയുടേയും 6 മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്നവർക്കായി 5000 രൂപയുടേയും, ഹയർ സെക്കൻ്ററി വിദ്യാർത്ഥികൾക്ക് 7000 രൂപയുടെയും വാർഷിക ധനസഹായം നൽകിവരുന്നു. ജയിൽ അന്തേവാസിയുടെ ശിക്ഷാകാലയളവ് ജയിലിനുള്ളിൽ ശിക്ഷിക്കപ്പെടാനുള്ളതല്ല പകരം, തിരുത്തലിന് വിധേയമായി അവർ ഉത്തമപൗരന്മാരായി മാറുക എന്ന നിലപാടാണ് സർക്കാർ കൈക്കൊള്ളുന്നത്. |
| (ബി) | ജനോപകാരപ്രദമായ കാര്യങ്ങൾക്ക് തടവുകാരുടെ മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ തടവുകാരുടെ സേവനം ഉപയോഗിച്ച് പാചകം ചെയ്യുന്ന, ഗുണമേന്മയും വിലക്കുറവുമുള്ള ഫുഡ് ഫോർ ഫ്രീഡം ഉത്പന്നങ്ങൾക്ക് നമ്മുടെ നാട്ടിൽ വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. അന്തേവാസികൾ നിർമ്മിക്കുന്ന മാസ്ക്, സാനിറ്റൈസർ, സോപ്പ്, ലോഷൻ, കരകൗശലവസ്തുക്കൾ, എണ്ണപ്പലഹാരങ്ങൾ, പപ്പടം, മെത്തകൾ, വിവിധതരം ഫർണിച്ചറുകൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, എൽ.ഇ.ഡി. ബൾബുകൾ, ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ എന്നിങ്ങനെ ജനോപകാരപ്രദമായ വസ്തുക്കൾ വിൽപ്പന നടത്തുന്നു. തയ്യൽക്കടകൾ, അച്ചാർ, മുട്ട, പാൽ, ചിക്കൻ വിൽപ്പനശാലകൾ, പ്ലാൻ്റ് നേഴ്സറികൾ, ബ്യൂട്ടിപാർലറുകൾ, പ്രധാന ജയിലുകൾ |

| | | | |
|---|---|---|---|
| | | | കേന്ദ്രീകരിച്ച് സ്ഥാപിച്ചിട്ടുള്ള പെട്രോൾ പമ്പുകൾ എന്നീ വിവിധ മേഖലകളിൽ ഒട്ടനവധി ജനോപകാരപ്രദമായ പദ്ധതികളിലൂടെ തടവുകാരുടെ മനുഷ്യവിഭവ ശേഷി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരത്തിൽ അഭിമാനകരമായ രീതിയിൽ നേട്ടങ്ങൾ കൈവരിക്കുവാൻ ജയിൽ വകുപ്പിന് സാധിച്ചിട്ടുണ്ട്. ഓൺലൈൻ സേവനദാതാക്കൾ വഴി ഭക്ഷണം വീട്ടുകളിലെത്തിക്കുന്നതിന് ഫുഡ് ഫോർ ഫ്രീഡം യൂണിറ്റ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തുറന്ന ജയിലിലെ അന്തേവാസികൾ നിർമ്മിച്ച ഷോർട്ട് ഫിലിമിന് ലഭിച്ച സ്വീകാര്യതയും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. |
| (സി) | ജയിലുകളിലെ മനുഷ്യാവകാശ ലംഘനങ്ങൾ, സുരക്ഷാ വീഴ്ചകൾ എന്നിവ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടായാൽ പരാതികൾ ജയിൽ സന്ദർശിക്കുന്ന ഉന്നത ഉദ്യോഗസ്ഥരോടും, ജുഡീഷ്യൽ ഓഫീസർമാരോടും നേരിട്ട് ബോധിപ്പിക്കുന്നതിനും ജില്ലാ ജഡ്ജ്, ജയിൽ വകുപ്പ് മേധാവി എന്നിവർക്ക് പരാതിപ്പെട്ടി വഴി നൽകുവാനും കഴിയും. ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങൾ ജയിലുകളിൽ സ്ഥാപിച്ചിട്ടുള്ളതാകുന്നു. സംസ്ഥാനത്ത് ആകെയുള്ള 55 ജയിലുകളിൽ 51 ജയിലുകളിലും സി.സി.ടി.വി സംവിധാനം സ്ഥാപിച്ചിട്ടുള്ളതാകുന്നു. മികച്ചതും ആധുനിക രീതിയിൽ പരിശീലനം നൽകിയിട്ടുള്ളതുമായ ഡോഗ് സ്ക്വാഡ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ജയിലുകളിൽ ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | ജയിലിലേക്കെത്തുന്ന ഓരോ അന്തേവാസിയെയും ആരോഗ്യ പരിശോധന നടത്തിയാണ് ജയിലിൽ പ്രവേശിപ്പിക്കുന്നത്. രോഗികളായ അന്തേവാസികളുടെ പ്രാഥമിക ചികിത്സ നടത്തുന്നതിനും വിദഗ്ധ ചികിത്സ ആവശ്യമായാൽ ലഭ്യമാക്കുന്നതിനും ആംബുലൻസ് സംവിധാനം ഉൾപ്പെടെ ജയിലുകളിൽ നിലവിലുണ്ട്. പ്രധാനപ്പെട്ട ജയിലുകളിൽ എല്ലാ ദിവസവും ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നുള്ള ഡോക്ടർമാരുടെ തസ്തികകൾ ഡെപ്യൂട്ടേഷൻ നിയമനത്തിനായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ ജയിലുകളിൽ കിടക്കയോടുകൂടിയ ആശുപത്രികളും നിലവിലുണ്ട്. കൂടാതെ മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള ഡോക്ടറുടെ സേവനവും ലഭ്യമാക്കാറുണ്ട്.കോവിഡ് കാരണത്താൽ ചില ജയിലുകൾ ടെലി മെഡിസിൻ സൗകര്യവും |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച വരുന്നു. കോവിഡ് കാലമായതിനാൽ വാക്സിനേഷൻ നൽകുകയും ചെയ്തുവരുന്നുണ്ട്. |
| (ഇ) | ജയിലുകളിൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ 1280 തസ്തികകളാണുള്ളത്. ഒഴിവുകളുള്ള 135 തസ്തികകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ 87 തസ്തികകളിൽ 18 ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. തുടർന്നുള്ള എല്ലാ തസ്തികകളും സമയബന്ധിതമായി പ്രൊമോഷൻ നടത്തുകയും ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 495 പുതിയ തസ്തികകൾ ജയിൽ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. |
| (എഫ്) | ജയിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും മെറ്റൽ ഡിറ്റക്ടർ, സ്കാനർ, സി. സി. ടി. വി. തുടങ്ങിയ സംവിധാനങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങളായ സി.സി.ടി.വി സിസ്റ്റം, ഇലക്ട്രിക് ഫെൻസിംഗ്, മെറ്റൽ ഡിറ്റക്ടർ, ബാഗ്ഗേജ് സ്കാനർ തുടങ്ങിയവ ജയിലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോടതികളേയും ജയിലുകളേയും ബന്ധിപ്പിച്ച് വീഡിയോകോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ ഇലക്ട്രിക് ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. ഭൂരിഭാഗം ജയിലുകളിലും ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടർ, ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ എന്നിവ നൽകിയിട്ടുണ്ട്. സെൻട്രൽ പ്രിസണുകളിൽ ടെട്രാ കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ